# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.521 - 29/06/2015 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സഞ്ചിതകടം

| **ചോദ്യം**<br><br>**ശ്രീമതി.കെ.എസ്.സലീഖ** | **ഉത്തരം**<br><br>**ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്ര ധനകാര്യ വകുപ്പ് സംസ്ഥാന സർക്കാരിന് കടമെടുക്കാൻ നിശ്ചയിച്ചു നല്കിയ തുക എത്ര; കടം എടുത്ത തുക എത്ര എന്നിവ സംബന്ധിച്ച വിവരങ്ങൾ നല്കുമോ ; | ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് കടമെടുക്കുവാൻ നിശ്ചയിച്ചു നൽകിയ പരിധിയും കടം എടുത്ത തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) — see table A below |
| (ബി) ഇതിൽ റവന്യൂ കമ്മി നികത്താൻ വിദേശ സഹായ പദ്ധതി, കേന്ദ്രാവിഷ്കൃത/കേന്ദ്ര സഹായ പദ്ധതികൾ, സംസ്ഥാന വിഹിതം, R.I.D.F., സംസ്ഥാന പദ്ധതികൾ, മറ്റു പദ്ധതികൾ എന്നിവയ്ക്കായി ഓരോവർഷവും ചെലവാക്കിയ തുക, ഓരോ വർഷവും കടമെടുത്ത തുക എന്നിവ സംബന്ധിച്ച വിശദാംശം നല്കുമോ; | ഈ സർക്കാരിന്റെ കാലയളവിൽ R.I.D.F, സംസ്ഥാന പദ്ധതികൾ എന്നിവയ്ക്കായി ആഭ്യന്തര വായ്പ ഇനത്തിലും വിദേശ സഹായ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ ഇനത്തിലുമായി കടമെടുത്ത തുക (തനി) സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) — see table B below |

(എ) (തുക കോടിയിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| കടമെടുപ്പ് പരിധി (തനി) | 10418.00 | 12654.00 | 12397.00 | 13548.00 |
| കടമെടുത്ത തുക* (തനി) | 10744.94 | 14142.66 | 15448.23 | 14692.08 |

*കടമെടുത്ത തുക Small Savings നിന്നുള്ള വായ്പകൾ ഉൾപ്പെടെ

(ബി) (തുക കോടിയിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15* |
|---|---|---|---|---|
| ആഭ്യന്തര വായ്പ (തനി) | 6869.29 | 10231.02 | 11175.94 | 12263.57 |
| കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പ (വിദേശസഹായ പദ്ധതി) (തനി) | 36.61 | 226.09 | 40.43 | 412.38 |

(*അക്കൗണ്ടന്റ് ജനറലിന്റെ താൽകാലിക കണക്കുകൾ പ്രകാരം)

ഇപ്രകാരം കടമെടുക്കുന്ന തുക ബന്ധപ്പെട്ട പദ്ധതികൾക്കായിട്ടാണ് ചെലവഴിക്കുന്നത്.

(സി) കഴിഞ്ഞ 4 വർഷത്തിൽ ഓരോ വർഷത്തേയും സഞ്ചിത കടം എത്ര എന്നും നടപ്പുവർഷം അത് എത്ര ആകും എന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷത്തിന്റെയും വിശദമായ കണക്കുകൾക്കായി സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ നിഗമന പ്രകാരമുള്ള സംസ്ഥാന സഞ്ചിത കടം എത്ര എന്നും ഇത് ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനം എന്നും വർഷം തിരിച്ച് വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിലെ കടബാദ്ധ്യത, കടബാദ്ധ്യത-ജിഎസ്ഡിപി അനുപാതം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15** |
|---|---|---|---|---|
| കടബാദ്ധ്യത * | 89418.18 | 103560.84 | 119009.07 | 133701.15 |
| കടബാദ്ധ്യത-ജിഎസ്ഡിപി അനുപാതം | 29.04 % | 29.64% | 27.66 % | 26.91 % |

*അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം

**മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം ക്വിക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിലും കടബാദ്ധ്യത അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരവും



സെക്ഷൻ ഓഫീസർ